## ഫെബ്രുവരി 2 – ലോക നിർത്തടദിനം

# നീർത്തടങ്ങളുടെ പ്രാധാന്യം

**എം.കെ. സുകുമാരൻ നായർ**

**'തണ്ണീർതടങ്ങൾ'** ഭൂമിയിൽ ജീവൻ നിലനിർത്തുന്നതിന് സഹായിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട ജൈവവ്യവസ്ഥയാണ്. ജലസംരക്ഷണത്തിനും പ്രാദേശികാഭിവൃദ്ധിക്കും നീർത്തടങ്ങളുടെ പങ്ക് അനുപക്ഷണീയമാണ്. തണ്ണീർതടങ്ങളുടെ പ്രധാന്യവും സംരക്ഷണവും ഉറപ്പുവരുത്തുന്നതിനെക്കുറിച്ചു ചർച്ചചെയ്യുന്നതിന് 1971 ൽ ഇറാനിയൻ പട്ടണമായ 'റാംസറി'റിൽ ചേർന്ന അന്താരാഷ്ട്ര സമ്മേളനത്തിൽ പങ്കെടുത്ത രാജ്യങ്ങൾ, അന്താരാഷ്ട്ര പ്രാധാന്യമുള്ള നീർത്തടങ്ങളുടെ സംരക്ഷണം ഉറപ്പുവരുത്തുന്നു പ്രഖ്യാപനത്തിൽ ഒപ്പുവെച്ചു. ഇങ്ങനെ ഒപ്പുവെച്ചത് 1971 ഫെബ്രുവരി രണ്ടിനാണ്. ഈ പ്രഖ്യാപനത്തിന്റെ പ്രാധാന്യം ഓർമ്മപ്പിക്കുന്നതിനാണ് എല്ലാ വർഷവും ഫെബ്രുവരി രണ്ടിന് ലോക നീർത്തടദിനമായി ആചരിക്കുന്നത്.

റംസർ കൺവെൻഷന്റെ പ്രധാന ലക്ഷ്യം നിർത്തടങ്ങളുടെ മേലുള്ള കയ്യേറ്റങ്ങളും നീർത്തടങ്ങളുടെ വിസ്തൃതിക്കുണ്ടാകുന്ന നഷ്ടവും തടഞ്ഞ് ഭാവി തലമുറക്കുവേണ്ടി സംരക്ഷിക്കുക എന്നുള്ളതാണ്. ആറുമീറ്ററിലധികം താഴ്ചയില്ലാത്ത അന്താരാഷ്ട്ര പ്രാധാന്യമുള്ള നീർത്തടങ്ങളാണ്. റംസാൻ കൺവെൻഷന്റെ മാർഗ്ഗ രേഖകളനുസരിച്ച് റാംഡർ സൈറ്റിൽ ഉൾപ്പെടുന്നത്. ഇൻഡ്യയിൽ 25 നീർത്തടങ്ങൾ ഇതുവരെ റാംസർ സൈറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കേരളത്തിൽ വേമ്പനാട്ടുകായൽ, അഷ്ടമുടി കായൽ, ശാസ്താംകോട്ടകായൽ എന്നിവ റാംസർ സൈറ്റ് ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ജലസംരക്ഷണത്തിൽ നിർണ്ണായ പങ്ക് വഹിച്ചിരുന്ന നീർത്തടങ്ങളും നെൽപാടങ്ങളും വ്യാപകമായി നികത്തപ്പെടുകയാണ്. നിലവിലുള്ള എല്ലാ നിയമവ്യവസ്ഥകളെയും വെല്ലുവിളിച്ചുകൊണ്ട് കേരളത്തിലുടനീളം നടക്കുന്ന കുന്നിടിക്കലും നീർത്തടം നികത്തലും കേരളത്തിന്റെ കാലാവസ്ഥയേയും ജലവ്യവസ്ഥയേയും പാടെ തകിടം മറിക്കും. ജൈവവൈവിധ്യ ശോഷണത്തിന്റെ വേഗത വർദ്ധിക്കുകയും ചെയ്യും.

അപരിഹാര്യമായ പരിസ്ഥിതി ദുരന്തങ്ങളിലേക്കാണ് കേരളം നയിക്കപ്പെടുന്നത്. റാംസർ സൈറ്റിൽ ഉൾപ്പെടുത്തപ്പെട്ട നിർത്തടങ്ങളുടെ അന്താരാഷ്ട്ര പ്രാധാന്യവും അവ മനുഷ്യ സമൂഹത്തിനുവേണ്ട നിർവഹിക്കേണ്ട ധർമ്മങ്ങൾ നിലനിർത്തുന്നതിനുതകും വിധം അവയെ പരിരക്ഷിക്കുവാൻ കേന്ദ്ര സംസ്ഥാന സർക്കാരുകളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും പ്രതിജ്ഞാബദ്ധമാണ്.

